പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2004

11.06.2018-ൽ മറുപടിയ്ക്ക്

## സൈനിക സമാശ്വാസ തൊഴിൽദാന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.മുകേഷ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സൈനിക സമാശ്വാസ തൊഴിൽദാന പദ്ധതി ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത് ; വിശദാംശം ലഭ്യമാക്കുമോ ; | (എ) സ.ഉ(പി)നം.110/02/പൊ.ഭ.വ തീയതി 29.04.2002 ന്റെ അടിസ്ഥാനത്തിലാണ് സൈനിക സമാശ്വാസ തൊഴിൽദാന പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>പ്രതിരോധ സേനയിൽ സേവനം അനുഷ്ഠിക്കുന്ന സേനാംഗങ്ങൾ, അർദ്ധസൈനിക വിഭാഗത്തിൽപ്പെട്ട "ബി.എസ്.എഫ് / ഗ്രെഫ്" സേനാംഗങ്ങൾ (പ്രതിരോധസേനയുമായി അറ്റാച്ചായിരിക്കവേ), യുദ്ധവും/ യുദ്ധസമാനവുമായ സാഹചര്യങ്ങളിൽ മരണപ്പെടുകയോ, കാണാതാവുകയോ, അതീവ ഗുരുതരമായി പരുക്കേൽക്കുകയോ, പരിക്കേറ്റ ജവാൻ സിവിൽ സേവനത്തിന് പ്രാപ്തനല്ലാതാകുകയോ ചെയ്യുന്ന അവസരത്തിൽ, അത്യാഹിതം സംഭവിക്കുന്ന ജവാന്റെ നിയമാനുസൃതമായ ഒരു ആശ്രിതന് അല്ലെങ്കിൽ ഒരു ആശ്രിതയ്ക്ക് മേൽ പ്രസ്താവിച്ച സർക്കാർ ഉത്തരവിൻ പ്രകാരം സംസ്ഥാന സർക്കാരിന്റെ സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ് ഗ്രേഡ് സർവ്വീസ്, പാർട്ട് ടൈം കണ്ടിൻജന്റ് സർവ്വീസ് എന്നിവയിൽ അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ക്ലാസ്സ് III /ക്ലാസ്സ് IV തസ്തികയിലെ ഏറ്റവും താഴ്ന്ന ഗ്രേഡിൽ നിയമനം നൽകി വരുന്നു. |
| (ബി) സർവ്വീസിലിരുന്ന് മരണപ്പെടുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിത നിയമനം നൽകുന്ന പദ്ധതി പ്രകാരമല്ല സൈനിക സമാശ്വാസ | (ബി) ഉണ്ട്. കാരണം മാതൃരാജ്യത്തിന്റെ സുരക്ഷയ്ക്ക് വേണ്ടി ഒരു ജവാൻ അതിർത്തി പ്രദേശങ്ങളിൽ യുദ്ധവും/യുദ്ധസമാനവുമായ സാഹചര്യങ്ങളിൽ മിലിട്ടറി സേവനവുമായി |

| | |
|---|---|
| തൊഴിൽദാന പദ്ധതി നടപ്പിലാക്കുന്നത് എന്നതിനാൽ നിയമനം നൽകുവാൻ വകുപ്പുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാർ ജീവനക്കാരുടെ ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നടപടിക്രമം പിന്തുടരേണ്ടതുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; | ബന്ധപ്പെട്ടിരിക്കുമ്പോൾ, ശത്രുസേനയുടെ ആക്രമണം, സൈനിക ഓപ്പറേഷൻ / ഫീൽഡ് ഏര്യായിലെ പ്രതികൂല കാലാവസ്ഥകൾ, വാഹനാപകടം എന്നിവ മൂലം വീരമൃത്യു സംഭവിക്കുന്ന സൈനികരുടെ ഒരു ആശ്രിതന് / ആശ്രിതയ്ക്ക് നിയമനം നൽകുന്നതിനു വേണ്ടി നിശ്ചിത ശതമാനം സീറ്റുകൾ റിസർവ്വ് ചെയ്യിട്ടില്ലാത്ത സാഹചര്യത്തിൽ സർക്കാർ ജീവനക്കാരുടെ ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നടപടിക്രമം, മേൽപ്രകാരം വീരമൃത്യു വരിക്കുന്ന സൈനികരുടെയും, അർദ്ധസൈനികരുടേയും ആശ്രിതന് / ആശ്രിതയ്ക്ക് സംസ്ഥാന സർക്കാരിൽ നിയമനം നൽകുന്നതിനു വേണ്ടിയും പിൻതുടരേണ്ടതുണ്ട്. |
| (സി) സൈനിക സമാശ്വാസ തൊഴിൽദാനപദ്ധതിയിൽ നിയമനം നൽകുന്നതിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് പ്രത്യേക നടപടി ക്രമം നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ രാജ്യസേവനത്തിനിടയിൽ മരണപ്പെടുന്ന സൈനികരുടെ ആശ്രിതർക്ക് അടിയന്തര ആശ്വാസമെന്ന നിലയിൽ തൊഴിൽ ലഭിക്കുന്നതിന് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാത്ത ഓപ്പൺ വേക്കൻസി, വകുപ്പുകളിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുവാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ? | (സി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ